Week -1

# Weekly Devotion - May
# Evaluation of God - Stage (5)
## (ദൈവീക മൂല്യനിർണ്ണയം- ഘട്ടം (5)




അലസത, അശ്രദ്ധ, പണത്തിന്റെ അധിക ഒഴുക്ക്, ഞാൻ എന്ന ഭാവം ഇവ ഒരാളുടെ പ്രവർത്തിയെ തോൽവിയിലേക്ക് അഥവാ നിത്യനാശത്തിലേക്ക് എത്തിയ്ക്കുന്നു.

ഒരിക്കൽ കരയിൽ മാത്രം കഴിയുന്ന ചുണ്ടെലി തന്റെ ജീവിതം സന്തോഷവും അനുഗ്രഹകരവുമാണെന്ന അമിതാഹ്ലാദത്തിൽ കഴിയുകയായിരുന്നു, അവിടേയ്ക്ക് കരയിലും വെള്ളത്തിലും കഴിയുന്ന അതിഥി കടന്നുവന്നു. കൂടുതലൊന്നും ചിന്തിക്കാതെ ആതിഥേയൻ അതിഥിയെ സ്വീകരിച്ചു. സരസമായി സംസാരിച്ച തവള പുൽപ്പുറത്ത് കളിക്കുവാൻ എലിയെ ക്ഷണിച്ചു. അവർ കളിച്ച് രസിക്കുന്നതിനിടയിൽ തവളയ്ക്ക് ഒരു കുസൃതി തോന്നി, തന്റെ കാൽ എലിയുടെ കാലിനോടു ചേർത്തു കെട്ടി. പുൽത്തകിടിയിൽ മറിഞ്ഞു മറിഞ്ഞ് ഇവർ ചെന്നു വീണത് സമീപത്തുള്ള തോട്ടിലായിരുന്നു. വെള്ളത്തിൽ വീണ തവള സന്തോഷിച്ചു. എന്നാൽ എലി ആപത്ത് മനസ്സിലാക്കിയപ്പോഴേയ്ക്കും അതിന്റെ ജീവൻ നഷ്ടമായിപ്പോയി. വെള്ളത്തിൽ ചത്തു പൊങ്ങികിടക്കുന്ന എലിയെക്കണ്ട് തന്റെ ഭക്ഷണമാക്കുവാൻ ശ്രമിച്ച പരുന്തിന് ഒന്നെടുത്തപ്പോൾ രണ്ട് കിട്ടി, ചത്ത എലിയുടെ കാലിൽ കെട്ടിയ ജീവനുള്ള തവളയെ, എലിയുടെ അശ്രദ്ധയാണ് ദുഷ്ടന്റെ കെണിയിലകപ്പെടു

വാൻ കാരണം.ദുഷ്ടന്റെ കുടിലതയ്ക്കുള്ള ശിക്ഷ ബൂമറാങ് പോലെയാണ് പ്രവർത്തിക്കുന്നത്.

സാഹചര്യങ്ങൾ അനുകൂലം , ഒന്നിനും കുറവില്ല എന്ന് കരുതി പഠിക്കാത്ത വിദ്യാർത്ഥി പരീക്ഷയിൽ തോറ്റുപോകും. അലസത, ശ്രദ്ധയില്ലായ്മ, എല്ലാം ജീവിതത്തിൽ ഭദ്രമെന്ന് കരുതിയവർക്കും ഗുരുവിന്റെ മൂല്യ നിർണ്ണയത്തിൽ തോൽവി സംഭവിക്കുന്നു. മൂല്യ നിർണ്ണയത്തിന് വിധേയരാകുന്ന സർദ്ദീസ് സഭയുടെ തോൽവിയുടെ കാരണം ഇതാണ്. ശത്രു വരുന്ന വഴി കണ്ടില്ല, അവർ ഉണർന്നിരുന്നില്ല എന്നതാണ് അവരിലുണ്ടായ കുറവ്. ഉറങ്ങുന്നവന് പ്രവർത്തിപ്പാൻ കഴിയുകയില്ല. മൂല്യനിർണ്ണയം നടത്തുന്ന ഗുരു ദൈവാത്മാവും ഏഴ് നക്ഷത്രവും ഉള്ളവനാണ്. ആത്മാവ് ദൈവശക്തിയെ കുറിക്കുന്നു. കൂടാതെ ഗുരു പൂർണ്ണശോഭയെയും പൂർണ്ണ ശക്തിയേയും കാണിയ്ക്കുന്നു. മൂല്യ നിർണ്ണയത്തിൽ തോറ്റവരോട് പറയുന്നത് ഈ അവസ്ഥയിൽ നിന്ന് എഴുന്നേറ്റാൽ നിങ്ങൾക്ക് ജയാളികളാകാമെന്നാണ്. (വെളി:3:1-6) Look

ബുദ്ധിമുട്ട്, കഷ്ടത ഇവയുടെ നടുവിൽ ലക്ഷ്യബോധമുള്ളവർക്കാണ് ജയാളികളാകുവാൻ കഴിയുന്നത്. ശ്രീധന്യ സുരേഷ് എന്ന Civil Service നേടിയ യുവതിയെപ്പറ്റി ഏപ്രിൽ ആദ്യദിവസങ്ങളിൽ വന്ന പത്ര വാർത്ത ശ്രദ്ധിക്കുക. 8 കിലോമീറ്റർ നടന്ന് , വിശപ്പറിഞ്ഞ് , കഷ്ടതയറിഞ്ഞ് പഠിച്ച് ഉന്നത പടവുകൾ ലക്ഷ്യമാക്കി ഓടുകയും കരസ്ഥമാക്കുകയും ചെയ്തു.ചിലർ പഠിക്കും പക്ഷേ തോറ്റ സർട്ടിഫിക്കറ്റ് കൈയ്യിൽ സൂക്ഷിക്കുന്നവരാണ്. പ്രീയ കുഞ്ഞുങ്ങളേ! ആത്മീയ ജീവിതത്തിന്റെ പടവുകൾ കയറുക. താഴത്തെപടി കയറി തോറ്റ സർട്ടിഫിക്കറ്റ് പിടിച്ച് നില്ക്കുന്നവരാകരുത്. അതിനായി ഒന്നാമത് ചെയ്യേണ്ടത് പ്രാപിക്കുകയും കേൾക്കുകയും ചെയ്തത് ഓർക്കുക എന്നുള്ളതാണ്. ഓർക്കുക എന്ന വാക്ക് വർത്തമാനകാലമാണ്. പരീക്ഷ എഴുതേണ്ട ആത്മീയ വിദ്യാർത്ഥികൾ ക്രിസ്തു നമുക്കു വേണ്ടി ചെയ്തത്ഓർക്കുകയും , ഇന്നും മരിച്ചവരിൽ നിന്നുള്ള ആദ്യഫലമായി നമ്മോടൊപ്പം വസിക്കുന്ന കർത്താവിനെ ഓർക്കുകയും ചെയ്യുമ്പോൾ നാം ജയാളികളാകുന്നു.

രണ്ടാമതായി ഈ ഓർമ്മ നിലനിർത്തണം. നാം പാപികളായിരിക്കുമ്പോൾ തന്നെ സ്വജീവനെ നൽകി നമ്മെ രക്ഷിച്ചവനെ എപ്പോഴും ഓർക്കുകയും അദ്ദേഹം പറയുന്നത് ശ്രദ്ധയോടെ കേട്ട് അനുസരിക്കുകയും വേണം.

മൂന്നാമതായി ജയിക്കുവാൻ തരുന്ന അവസരം തക്കത്തിലുപയോഗിക്കണം. പാപബോധം വന്നാൽ മാനസാന്തരപ്പെട്ട് മടങ്ങി വരുവാനുള്ള അവസരമായി അതിനെ കാണണം. സമയം തക്കത്തിൽ ഉപയോഗിക്കുന്നവർക്കു മാത്രമേ ജയാളികളാകുവാൻ കഴിയുകയുള്ളൂ.

നാലാമതായി നാം ഉണർന്നിരിക്കണം എങ്കിൽ മാത്രമേ കർത്താവ് നമ്മെയും ഉണർന്നിരുന്ന് വീക്ഷിക്കുകയുള്ളൂ. നമ്മിൽ നിന്ന് പൂർണ്ണതയുള്ള ഒരു പ്രവർത്തി യാണ് കർത്താവ് ആഗ്രഹിക്കുന്നത്. പ്രതികൂല സാഹചര്യത്തിലും യാക്കോ: (1:27)ൽ പറയുന്നതുപോലെ ലോകത്താലുള്ള കളങ്കം പറ്റാത്തവർ, വസ്ത്രം മലിനമാകാതെ സൂക്ഷിച്ചവർ ആ സഭയിൽ ഉണ്ടായിരുന്നു എന്നത് ദൈവം മനസ്സിലാക്കി.

ജയാളികൾക്ക് വെള്ള വസ്ത്രധാരികളായി പ്രീയനോട് ചേർന്നു നടക്കാം എന്ന പദവി ലഭിക്കുന്നു. കൂടാതെ  ജീവന്റെ പുസ്തകത്തിൽ നിന്ന് ജയാളികളുടെ പേരുകൾ മായിച്ചു കളയാതെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതൻമാരുടെ സന്നിധിയിലും ഏറ്റുപറയുന്നു. ജീവപുസ്തകത്തിൽ പേരില്ലാത്തവനെ തീപ്പൊയ്ക യിൽ തള്ളിയിടുന്നു. ജീവപുസ്തകത്തിൽ പേർ എഴുതിയശേഷവും പാപം ചെയ്താൽ പേർ മായിച്ചു കളയുമെന്ന് മറക്കരുത്.

മത്താ: (10:32, 33)- Read

മനുഷ്യരുടെ മുൻപിൽ ധൈര്യത്തോടെ കർത്താവിനെ ഏറ്റുപറഞ്ഞ് നല്ല ജയാളി യായിത്തീരുവാൻ ദൈവം സഹായിക്കട്ടെ.

**ശാന്തമ്മ വർഗ്ഗീസ്**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59-JJX2dk_wuLkKT2hE0tg